**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3438** — **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരള കാർഷിക സർവ്വകലാശാല ജീവനക്കാരുടെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2019-ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ കേരള കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികൾക്കും തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള പെൻഷൻകാർക്കും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | നൽകിയിട്ടില്ല.<br><br>കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള തൊഴിലാളികളുടെ ശമ്പളവും, **തൊഴിലാളി വിഭാഗത്തിൽനിന്നുള്ള** പെൻഷൻകാരുടെ പെൻഷനും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ടി വകുപ്പുകൾക്ക് കീഴിലുള്ള തൊഴിലാളികളുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതനുസരിച്ച് കേരള കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികൾക്കും **പെൻഷൻകാർക്കും പരിഷ്കരിച്ച ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത വിഭാഗക്കാർക്ക് ശമ്പളം/ പെൻഷൻ പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണെന്ന് വിശദമാക്കാമോ; | (ബി) | 17.05.2017 തീയതിയിലെ സ.ഉ.(അച്ചടി)നം. 08/2017/കൃഷി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27.06.2017 മുതലാണ് ശമ്പളം/ പെൻഷൻ പരിഷ്കരണം അവസാനം നടപ്പിലാക്കിയത്. |
| (സി) | കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും പിരിഞ്ഞവർക്ക് പെൻഷൻ കുടിശ്ശിക നൽകാൻ ഉണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് എത്ര കാലത്തെ കുടിശ്ശിക നല്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ; | (സി) | ടെക്നിക്കൽ വിഭാഗത്തിൽ നിന്നും വിരമിച്ച ഒരാൾക്ക് മാത്രമാണ് പെൻഷൻ കുടിശ്ശികയായി നൽകാനുള്ളത്. പെൻഷൻ അനുവദിക്കുന്നതിനുള്ള മതിയായ രേഖകൾ സമർപ്പിക്കാത്തതിനാലാണ് പെൻഷൻ അനുവദിക്കാൻ കാലതാമസം നേരിട്ടത്. പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | ടെക്നിക്കൽ വിഭാഗത്തിൽ നിന്നും വിരമിച്ച ഒരാൾക്ക് മാത്രമാണ് പെൻഷൻ കുടിശ്ശികയായി നൽകാനുള്ളത്. പെൻഷൻ അനുവദിക്കുന്നതിനുള്ള മതിയായ രേഖകൾ സമർപ്പിക്കാത്തതിനാലാണ് പെൻഷൻ അനുവദിക്കാൻ കാലതാമസം നേരിട്ടത്. പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ